**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5697** **24-03-2025 - ൽ മറുപടിയ്ക്ക്**

**ജി.സി.ഡി.എ.യിലെ പെൻഷൻ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.സി.ഡി.എ.യിൽ പെൻഷൻകാർക്ക് പഴയ നിരക്കിലുള്ള പെൻഷൻ തുകയാണ് നൽകുന്നതെന്നും, ഔപചാരിക അനുമതി ലഭ്യമായിട്ടില്ലെങ്കിലും ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണപ്രകാരമുള്ള പുതിയ നിരക്കിലുള്ള ശമ്പളമാണ് അനുവദിച്ചുവരുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരേ സ്ഥാപനത്തിൽ രണ്ടുതരം നീതി നടപ്പിലാക്കിയിരിക്കുന്നുവെന്ന ആക്ഷേപത്തിന് വിശദീകരണം നൽകുമോ; | (എ) | സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവായ ശേഷം പൊതുമേഖല സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയിലെ ജീവനക്കാർക്ക് ടി ശമ്പള പരിഷ്കരണം അനുവദിക്കുന്ന വിഷയം പ്രത്യേകമായി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് നിലവിൽ സർക്കാർ സ്വീകരിച്ചുവരുന്ന രീതി. സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ജി.സി.ഡി.എ.-ക്കും ഇത് ബാധകമാണ്. ജി.സി.ഡി.എ. ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ ബാധകമായിട്ടുള്ളത് പത്താം ശമ്പള, പെൻഷൻ പരിഷ്കരണം പ്രകാരമുള്ള ആനുകൂല്യങ്ങളാണ്. അതോറിറ്റിയിൽ പതിനൊന്നാം ശമ്പള, പെൻഷൻ പരിഷകരണം എന്നിവ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.<br><br>ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണപ്രകാരമുള്ള പുതിയ നിരക്കിലുള്ള ശമ്പളം ജിസിഡിഎ സ്വമേധയാ അനുവദിച്ചുവരുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | ജി.സി.ഡി.എ.യിലെ പെൻഷൻകാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിലെ 06.12.2024-ലെ കോടതി ഉത്തരവ് പ്രകാരം, ജി.സി.ഡി.എ. ജനറൽ കൗൺസിലിന്റെ ശിപാർശ അനുസരിച്ച് പെൻഷൻകാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണത്തിന് ഔപചാരിക അനുമതി നൽകണമെന്നുള്ള ജി.സി.ഡി.എ. സെക്രട്ടറിയുടെ 16.02.2021-ലെ കത്തിൽ സർക്കാർ കൈക്കൊണ്ട തീരുമാനം ബഹു.ഹൈക്കോടതിയെ അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് | (ബി) | ജി.സി.ഡി.എ.യിലെ പെൻഷൻകാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിലെ 06.12.2024, 19.12.2024 തീയതികളിലെ കോടതി ഉത്തരവ് പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് മുന്നോടിയായി അതോറിറ്റിയിലെ സ്റ്റാഫ് പാറ്റേൺ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ടി വിവരം ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്.<br><br>ജി.സി.ഡി.എ.യിലെ സ്റ്റാഫ് പാറ്റേൺ അനുവദിച്ച് ഉത്തരവായ സാഹചര്യത്തിൽ ശമ്പള, പെൻഷൻ |

| | | | |
|---|---|---|---|
| | അറിയിക്കുമോ; ജി.സി.ഡി.എ.യുടെ തനതു സ്ഥിരനിക്ഷേപ പലിശയിൽ നിന്നാണ് പെൻഷൻ നൽകുന്നതെന്ന് ജി.സി.ഡി.എ. സെക്രട്ടറി അറിയിച്ചിട്ടും ജി.സി.ഡി.എ. ജീവനക്കാർക്ക് ഭാവിയിൽ നടപ്പിലാക്കേണ്ട സ്റ്റാഫ് പാറ്റേണിന്റെ പേരിൽ പെൻഷൻ പരിഷ്കരണാനുമതി അനന്തമായി വൈകിപ്പിക്കുന്നത് നീതിനിഷേധമല്ലേയെന്നത് പരിശോധിച്ചിട്ടുണ്ടോ; | | പരിഷ്കരണം അനുവദിക്കുന്ന വിഷയങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ജി.സി.ഡി.എ.യിലെ പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന് ഔപചാരികാനുമതി നൽകാതിരിക്കുന്നതിനെക്കുറിച്ച് ഈ നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 03.08.2023-ലെ 4186-ാം നമ്പർ ചോദ്യം, 12-ാം സമ്മേളനത്തിൽ 14.10.2024-ലെ 2253-ാം നമ്പർ ചോദ്യം എന്നിവയിലൂടെ ഉന്നയിച്ചെങ്കിലും ജി.സി.ഡി.എ.യിൽ ഭാവിയിൽ നടപ്പിലാക്കേണ്ട സ്റ്റാഫ് പാറ്റേണിനെപ്പറ്റി മാത്രം മറുപടി ലഭ്യമായ സാഹചര്യത്തിൽ പെൻഷൻ പരിഷ്കരണത്തിന് ഔപചാരികാനുമതി നൽകുന്നതിന് യാതൊരു നടപടിയും എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ജി.സി.ഡി.എ.യിൽ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ജി.സി.ഡി.എ.യിലെ പെൻഷൻകാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിലെ 06.12.2024, 19.12.2024 തീയതികളിലെ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അതോറിറ്റിയിൽ പതിനൊന്നാം പെൻഷൻ പരിഷ്കരണം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. പെൻഷൻ പരിഷ്കരണത്തിന് സർക്കാർ അനുമതി നൽകുന്നതിന് യാതൊരു നടപടിയും എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ജി.സി.ഡി.എ. യിൽ തനതുഫണ്ട് ലഭ്യമായിട്ടും ഉദ്യോഗക്കയറ്റമോ പെൻഷൻ സ്കെയിൽ പരിഷ്കരണമോ ആവശ്യമില്ലാത്ത പെൻഷൻ പരിഷ്കരണാനുമതി അകാരണമായി തടഞ്ഞുവച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്ത് അച്ചടക്ക നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ജി.സി.ഡി.എ.യിൽ പെൻഷൻ പരിഷ്കരണാനുമതി അകാരണമായി തടഞ്ഞുവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ